പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4348** — 28/06/2012 ൽ മറുപടിയ്ക്ക്

# റെലീസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം. പി. വിൻസെന്റ്: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റെലീസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) | ഭൂമി സംബന്ധമായ സേവനങ്ങളിൽ പ്രധാനമായും സ്വകാര്യ ഭൂമിയുടെ കൃത്യവും സുതാര്യവുമായ രേഖകൾ പൗരന് എപ്പോഴും എവിടെയും, 'ഭൂരേഖ' എന്ന സാക്ഷ്യപത്രത്തിലൂടെ ഉറപ്പു വരുത്തുക എന്ന ഉദ്ദേശ്യത്തോടെ, റവന്യൂ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചു കൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് സംവിധാനമാണ് റെലീസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) ഭൂമി സംബന്ധമായിട്ടുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങൾ സുതാര്യമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ തയ്യാറാക്കിയിട്ടുള്ളത് ; | (ബി) | ഭൂമി സംബന്ധമായ സേവനങ്ങൾ കൃത്യവും, സുതാര്യവുമായ രേഖകൾ പൗരന് "എപ്പോഴും" "എവിടെയും" 'ഭൂരേഖ' എന്ന സാക്ഷ്യപത്രത്തിലൂടെ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് റെലീസ് പദ്ധതി. കൂടാതെ രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് സംവിധാനം ഉള്ളതിനാൽ പൊതുജനങ്ങൾക്ക് വേഗത്തിലും, സുതാര്യവുമായ ഭൂമി കൈമാറ്റങ്ങൾക്കുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (സി) | പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ പ്രസ്തുത പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ട് |
| (ഡി) സംസ്ഥാനമാകെ ഇത് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | സംസ്ഥാനത്തെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം കൊല്ലം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ റീ-സർവ്വെ കഴിഞ്ഞ 556 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ